# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

18/03/2015 ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.T.2298

## കാപെക്സിന്റെ കശുവണ്ടി ഫാക്ടറികൾ

| ചോദ്യം<br>ശ്രീ.കെ.രാജു | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>( ബഹു.വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സർക്കാർ വിലയ്ക്ക് വാങ്ങിയ കാപെക്സിന്റെ 10 കശുവണ്ടി ഫാക്ടറികളും അതിന്റെ ഭൂമിയും ഉടമസ്ഥർക്ക് മടക്കി നൽകണമെന്ന സുപ്രീം കോടതി വിധിയിലേക്ക നയിക്കപ്പെട്ട സാഹചര്യം വ്യക്തമാക്കുമോ ; ഇക്കാര്യത്തിൽ വസ്തുതകൾ യഥാവിധി സുപ്രീം കോടതിയെ ധരിപ്പിക്കുന്നതിനായി വിധിക്കെതിരെ പുനഃപരിശോധനാ ഹർജി നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (എ) 1984-88 കാലഘട്ടങ്ങളിൽ അടഞ്ഞു കിടന്ന 46 സ്വകാര്യ കശുവണ്ടി ഫാക്ടറികൾ കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ ആക്ട് അനുസരിച്ച് ഗവൺമെന്റ് ഏറ്റെടുക്കുകയും 36 എണ്ണം കെ.എസ്.സി.ഡി.സിയെയും, 10 എണ്ണം കാപെക്സിനെയും നടത്തിപ്പ് ചുമതല ഏൽപിക്കുകയും ചെയ്തിരുന്നു. 1995 ൽ പ്രസ്തുത ഫാക്ടറികൾ മുൻ ഉടമകൾക്ക് വിട്ടു നൽകുന്നതിന് സുപ്രീം കോടതി ഉത്തരവുണ്ടായിട്ടുണ്ട്. അന്ന് കെ.എസ്.സി.ഡി.സിയുടെ ചുമതലയിൽ ഉണ്ടായിരുന്ന 36 ഫാക്ടറികൾ മുൻ ഉടമകൾക്ക് തിരികെ നൽകുകയും നിയമഭേദഗതിയിലൂടെ കാപെക്സിന്റെ കീഴിലുള്ള 10 ഫാക്ടറികൾ നിലനിർത്തുകയും ചെയ്തു. പ്രസ്തുത കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ (Amendment) ആക്ട് 1995 ന്റെ ഭരണഘടനാപരമായ സാധുത ചോദ്യം ചെയ്ത് 2005 -ൽ സുപ്രീംകോടതിയിൽ രണ്ട് മുൻ ഫാക്ടറി ഉടമകൾ സമർപ്പിച്ച അപ്പീലിന്മേൽ ആണ് കാപെക്സിന്റെ കശുവണ്ടി ഫാക്ടറികൾ മുൻ ഉടമകൾക്ക് തിരിച്ച് നല്കണമെന്ന് സുപ്രീംകോടതി വിധിയുണ്ടായത്. സുപ്രീം കോടതി വിധിയ്ക്കെതിരെ കേരള സർക്കാരും, കാപെക്സും, ട്രേഡ് യൂണിയനുകളും റിവ്യൂ ഹർജികൾ ഫയൽ ചെയ്ത് കഴിഞ്ഞു. ഇത് കോടതി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. |

Priya

സെക്ഷൻ ഓഫീസർ